# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : T 4189**

### ഗെയ്ൽ പ്രകൃതിവാതക പൈപ്പ് ലൈൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | മംഗലാപുരം മുതൽ കൊച്ചി വരെ നീളുന്ന ഗെയ്ൽ പ്രകൃതിവാതക പൈപ്പ് ലൈൻ ശൃംഖല എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും; വ്യക്തമാക്കുമോ; | (എ) | കൊച്ചി -മംഗലാപുരം വാതക പൈപ്പ് ലൈൻ 2019 ഡിസംബറിൽ കമ്മീഷൻ ചെയ്യുവാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്. |
| (ബി) | ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ; | (ബി) | ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിലൊന്നാണ് ഗെയിൽ നടപ്പിലാക്കുന്ന കൊച്ചി - കുറ്റനാട് -ബാംഗ്ലൂർ - മാംഗ്ലൂർ വാതക പൈപ് ലൈൻ പദ്ധതി. ഗെയിലിന്റെ കേരളത്തിലെ പൈപ്ഷ് ലൈൻ പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ ചെലവ് കുറഞ്ഞതും, സുരക്ഷിതവും, അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹികാവശ്യങ്ങൾക്കും, വാഹനങ്ങൾക്കും, വ്യവസായ ശാലകൾക്കുമായി ലഭ്യമാവുന്നതാണ്. ഇത് കൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട - വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധനചെലവ് വളരെയധികം ലാഭിക്കുവാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യവസായിക കുതിപ്പിന് ഉപോൽബലകമായി തീരുകയും ചെയ്യുന്നതാണ്. ഈ ഗ്യാസ് പൈപ്പ്ലൈൻ ശൃംഖല നിലവിൽ വരുന്നതോടു കൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും അതിലൂടെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ചെലവു കുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെടുവാൻ സാധിക്കുകയും ചെയ്യും. പ്രകൃതി വാതക |

| | | | |
|---|---|---|---|
| | | | ഉപയോഗം മൂലം അന്തരീക്ഷ മലിനീകരണം വളരെ അധികം കുറയും എന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല സംസ്ഥാനത്തിന് പ്രകൃതിവാതക ഉപയോഗത്തിന് അനുസൃതമായി നികുതി വരുമാനം ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പിലായാൽ ടാങ്കർ മൂലമുണ്ടാകുന്ന അപകടങ്ങൾ, എൽ.പി.ജി സിലിണ്ടർ അപകടങ്ങൾ, എൽ.പി.ജി ക്ഷാമം എന്നിവ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതാണ്. |
| **(സി)** | പൈപ്പ് ലൈൻ കടന്നുവരുന്ന ജില്ലകളിൽ ഈ പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷനുകൾ നൽകുന്ന കാര്യം ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രീതിയിലാണ് അത് പ്രാവർത്തികമാക്കുന്നത് എന്ന് വിശദമാക്കാമോ? | **(സി)** | പൈപ്പ്ലൈൻ കടന്നുപോകുന്ന ജില്ലകളിൽ വീടുകളിലേക്കും, വാഹനങ്ങൾക്കും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ _അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. വീടുകളിലേക്ക് പാചക ആവശ്യത്തിനായി പൈപ്പുകളിലൂടെ പ്രകൃതി വാതകം (PNG) എത്തിക്കുന്ന പദ്ധതി IOAGPL എറണാകുളം ജില്ലയിൽ 2015 ഡിസംബറിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) ലഭ്യമാക്കുന്നതിനായി സ്റ്റേഷനുകളും ആരംഭിച്ചു കഴിഞ്ഞു. കൊച്ചി - മംഗലാപുരം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ പ്രദേശങ്ങളിലും വീടുകളിലേക്കും വാഹനങ്ങൾക്കും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനാവശ്യമായ Tap Off സംവിധാനം ഗെയിൽ പൂർത്തിയാക്കികഴിഞ്ഞു. കേരളത്തിലെ Tap Off സ്റ്റേഷനുകളിൽ നിന്നും ചെറു പൈപ്പുകൾ സ്ഥാപിച്ച് പ്രകൃതി വാതകം വീടുകളിൽ വിതരണം ചെയ്യേണ്ട IOAGPL അതിനാവശ്യമായ നടപടികളുമായി മുന്നോട്ട് പോവുകയാണ്. |

**സെക്ഷൻ ഓഫീസർ**